(ഡി) തെങ്ങിന്റെ കാറ്റുവീഴ്ച സംബന്ധമായ ഗവേഷണങ്ങൾക്ക് 132 ലക്ഷത്തോളം രൂപ ചെലവായതായും വാഴയുടെ കുറുനാമ്പു രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് ചെലവായ തുക തിട്ടപ്പെടുത്തിയിട്ടില്ലെന്നും കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കുട്ടനാട്ടിൽ ഒരുപൂ നെൽക്കൃഷിയും തുടർന്ന് മത്സ്യക്കൃഷിയും നടത്തുവാൻ നടപടി

*6 [216] ശ്രീ. എം. പി. ഗംഗാധരൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ടി. തോമസ്:
,, ലൂഡി ലൂയീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ വയലുകളിൽ വിള പരിവർത്തനം ഏർപ്പെടുത്താൻ സാധ്യതയുണ്ടോ;

(ബി) ഇല്ലാത്തപക്ഷം അവിടെ ഒരുപൂ നെൽക്കൃഷിയും തുടർന്ന് മത്സ്യ കൃഷിയും നടത്തുന്നത് കർഷകർക്ക് കൂടുതൽ വരവ് ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുമോ;

(സി) മത്സ്യക്കൃഷി ചെയ്യുന്നിടത്ത് എക്കലും വണ്ടലും ഉണ്ടാകുന്നതുമൂലം അവിടെ നെൽക്കൃഷി ലാഭകരമായി നടത്തുവാൻ കഴിയുമോ;

(ഡി) എങ്കിൽ കുട്ടനാട്ടിൽ ഒരുപൂ നെൽക്കൃഷിയും തുടർന്ന് മത്സ്യക്കൃഷിയും നടത്തുവാനുള്ള ഏർപ്പാടുണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) കുട്ടനാട്ടിൽ നെൽക്കൃഷിയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ ഒരുപൂ നെൽക്കൃഷി മാത്രം ചെയ്തുവരുന്ന പാടശേഖരങ്ങളിൽ കൃഷിക്കുശേഷം ബാക്കി വരുന്ന കാലയളവിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തടസ്സമില്ല. ഇതിനായി മത്സ്യബന്ധന വകുപ്പ് കൃഷിവകുപ്പുമായി ആലോചിച്ച് 'ഒരു നെല്ലും ഒരു മീനും' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) നെൽക്കൃഷിയും മത്സ്യക്കൃഷിയും ഇടവിട്ട് നടത്തുന്നത് ലാഭകരമായിരിക്കും.

(ഡി) കുട്ടനാടൻ മേഖലയിൽ ഒരുവിള നെൽക്കൃഷിക്കുശേഷം ഒഴിഞ്ഞുകിടക്കുന്ന 3,500 ഹെക്ടർ പാടശേഖരങ്ങളിൽ 72.28 കോടി രൂപ മൊത്തം അടങ്കൽ വരുന്ന 'ഒരു നെല്ലും ഒരു മീനും' പദ്ധതി കൃഷിവകുപ്പുമായി യോജിച്ച് ഫിഷറീസ് വകുപ്പ് നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ട്. പക്ഷെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്ന ആശങ്കയാൽ കർഷകത്തൊഴിലാളികൾ ഈ പദ്ധതിയെ എതിർക്കുന്നുണ്ട്. അതിനാൽ തർക്കങ്ങൾ ഇല്ലാത്ത പാടശേഖരങ്ങളിലാണ് ഇപ്പോൾ ഈ പദ്ധതി നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാടൻ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡിന്റെ സഹായത്തോടെ 200 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാന ജീവനക്കാരുടെയും പെൻഷൻകാരുടേയും ശമ്പള പരിഷ്കരണം

*7 [217] ശ്രീ. മത്തായി ചാക്കോ:
,, ടി. കെ. ബാലൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടേയും പെൻഷൻകാരുടേയും ശമ്പള പരിഷ്കരണത്തിനുള്ള നയപരമായ എന്തെങ്കിലും തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) 2001 മാർച്ച് മാസം മുതൽ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ട്;

(സി) ജീവനക്കാരുടെ ക്ഷാമബത്ത എത്ര ശതമാനമാണ് ഇനിയും കൊടുത്തു തീർക്കുവാനുള്ളത്;

(ഡി) ക്ഷാമബത്ത അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ജീവനക്കാരുടെ പി.എഫ്. വായ്പയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) പി.എഫ്. വായ്പയ്ക്കുള്ള നിയന്ത്രണം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഇല്ല.

(ബി) 1-3-1997 മുതലാണ് കഴിഞ്ഞ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്. ശമ്പളം പരിഷ്കരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(സി, ഡി) 2004-05 ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 184-ൽ സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും 1-7-2002 മുതൽ കുടിശ്ശികയായ 3% ഡി.എ. 2004 സപ്തംബർ മാസം മുതലും 1-1-2003-ൽ കുടിശ്ശികയായ 3% ഡി.എ. 2004 ഡിസംബർ മാസം മുതലും 1-7-2003 മുതൽ കുടിശ്ശികയായ 4% ഡി.എ. 2005 മാർച്ച് മാസം മുതൽക്കുള്ള ശമ്പളത്തിലും പെൻഷനിലും അനുവദിക്കുമെന്നും ഡി.എ. കുടിശ്ശിക ജീവനക്കാരുടെ പി.എഫിൽ ലയിപ്പിക്കുവാനും പെൻഷൻകാർക്ക് തവണയായി നൽകുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി ജീവനക്കാരുടെ പി.എഫ്. നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഇതല്ലാതെ വായ്പയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ഒരു ലക്ഷം വരെയുള്ള പി.എഫ്. താൽക്കാലിക വായ്പയും

LIBRARY ARCHIVES Kerala Legislative Assembly